# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 6, ബുധനാഴ്ച

**നമ്പർ 67**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഒരെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സഭയ്ക്ക് പുറത്ത് നടത്തിയ പ്രസംഗത്തിലെ ഭരണഘടന സംബന്ധമായ പരാമർശങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നതും ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നതുമായ ചോദ്യ നമ്പർ 151, 152 എന്നിവ സഭയിൽ ഉന്നയിക്കപ്പെട്ടില്ല. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് മറുപടി പറയാൻ നിശ്ചയിച്ചിരുന്ന മറ്റ് ചോദ്യങ്ങളും കാര്യവിവരപ്പട്ടികയനുസരിച്ചുള്ള ശ്രദ്ധ ക്ഷണിക്കലും ചട്ടം 304 അനുസരിച്ചുള്ള നോട്ടീസുകളും റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു]

ധനകാര്യം :

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത് എന്ന XV- ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും, തുറമുഖങ്ങൾ എന്ന XL- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XV - ാം നമ്പർ ധനാഭ്യർത്ഥന, XLII - ാം നമ്പർ ധനാഭ്യർത്ഥന, XL- ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

തുടർന്ന് ധനാഭ്യർത്ഥനകൾ XV, XLII, XL എന്നിവ ചർച്ച കൂടാതെ സഭ പാസ്സാക്കി.

2022 ജൂലൈ 7- ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.07 - ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*